# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1298 — 13.12.2012 ൽ – മറുപടിക്ക്

## വ്യാജ റേഷൻ കാർഡുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എ. എ. അസീസ് | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് വ്യാജ റേഷൻ കാർഡുകൾ പിടിക്കപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ എവിടെ നിന്നാണെന്നും ആർക്കൊക്കെയെതിരെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ; | (ബി) | കോട്ടയം മീനച്ചൽ താലൂക്കിൽ 2010-11 ൽ ഒരു വ്യാജ റേഷൻകാർഡ് കണ്ടു പിടിച്ച് കാർഡ് റദ്ദാക്കുകയും ദുരുപയോഗം ചെയ്ത റേഷൻ സാധനങ്ങളുടെ വിലയായ 14,822.40 രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ആലപ്പുഴ കാർത്തികപ്പള്ളി താലൂക്കിൽ 2007-2008 കാലത്തുള്ള ഒരു വ്യാജ റേഷൻകാർഡ് കണ്ടുപിടിച്ച് റദ്ദാക്കുകയും ദുരുപയോഗം ചെയ്ത സാധനങ്ങളുടെ വിലയായ 11,352 രൂപ അടപ്പിക്കുന്നതിനുള്ള നടപടിയെടുത്തു വരുന്നു.<br><br>ഇടുക്കി ജില്ലയിൽ 2010-11 കാലഘട്ടത്തിൽ 38 ഉം 2011-12 കാലഘട്ടത്തിൽ 1 വ്യാജ റേഷൻകാർഡും കണ്ടെത്തി റദ്ദുചെയ്തിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ 2009-2010 കാലഘട്ടത്തിൽ 5 ഉം 2010-2011 കാലഘട്ടത്തിൽ 5 ഉം വ്യാജ റേഷൻകാർഡുകൾ കണ്ടെത്തി റദ്ദു ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ 2008-09 കാലയളവിൽ 10 കാർഡുകളും സിറ്റി റേഷനിംഗ് ആഫീസ് (സൗത്ത്)-ൽ 2007-08 കാലയളവിൽ 6 റേഷൻകാർഡുകളും 2010-2011 കാലയളവിൽ 1 റേഷൻ കാർഡും തിരുവനന്തപുരം താലൂക്കിൽ 2010-2011 കാലയളവിൽ 2 റേഷൻ കാർഡുകളും കണ്ടുപിടിച്ച് റദ്ദാക്കിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ വ്യാജ റേഷൻ കാർഡുകൾ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | സംസ്ഥാനത്ത് വ്യാജ റേഷൻ കാർഡുകൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ